## സി ജെ എച്ച് എസ് എസ് ചെമ്മനാട്

## ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ 2023-2024

# നറുമൊഴി



സി ജെ എച്ച് എസ് എസ് ചെമ്മനാട് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഡിജിറ്റൽ മാഗസിനായ ' നറുമൊഴി' ക്ക് ആശംസകൾ നേരുന്നു

ഹെഡ്മാസ്റ്റർ
വിജയൻ കെ



VIJAYAN K
HEAD MASTER

# EDITORIAL BOARD



HADIN ABDUL HAMEED



WAFA MARIYAM



FATHIMA MIZNA



AYISHA C A

# ഉള്ളടക്കം

ആമുഖം 5

മൗനം ചില നേരത്ത്- 6

ഭൂമിയുടെ അവകാശികൾ-ആസ്വാദന കുറിപ്പ് 7

ജീവച്ഛേദം 8

കടൽ കൊണ്ടുപോയവർ 9

പ്രകാശത്തിന് ജീവിതത്തോട് പറയാനുള്ളത് 13

I understood about. the future of our life 15

# ആമുഖം

സാങ്കേതിക വിദ്യ അനുദിനം വികസിച്ചു വരുന്ന ഇക്കാലത്ത് സ്കൂൾ കുട്ടികളിൽ ഐ ടി അഭിരുചി വളർത്തുന്നതിനായി രൂപം കൊണ്ട ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ് ഇന്ന് കേരളത്തിലെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയാണ്. ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്നതാണ് ഈ ഡിജിറ്റൽ മാഗസിനായ

”നറുമൊഴി”

# മൗനം ചില നേരത്ത്-

എങ്ങുനിന്നും വന്നണഞ്ഞു എൻ ഹൃദയത്തിൽ ആഴ്മയായി

എപ്പോഴെന്നില്ല  ആരോടെന്നില്ല

എങ്ങും ശാന്തമാം മൗനം

കിളികൊഞ്ചലുകൾ താരാട്ട് പാട്ടുകൾ

കളകളം ശബ്ദം പൊഴിക്കും പുഴകൾ

മൗനം മൗനം സമ്മതമായി ഒരർത്ഥത്തിൽ

അങ്ങനെ മൗനം സമ്മതം ആണോ?

വിദ്യാലയത്തിനുള്ളിൽ ചോദ്യോത്തര വേളകളിലെ ഒരു മൗനം


അതൊരുത്തരമില്ലാത്ത മൗനം

മൗനം പലതരം

Jawafa Hanan
9 F

# ഭൂമിയുടെ അവകാശികൾ-ആസ്വാദന കുറിപ്പ്

മലയാളികളുടെ സ്വന്തം ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ കഥയാണ് "ഭൂമിയുടെ അവകാശികൾ"



മലയാളസാഹിത്യത്തിൽ ലളിതവും നർമ്മരസം തുളുമ്പുന്നതുമായ സവിശേഷത നിറഞ്ഞ രചനാരീതി അലങ്കരിക്കുന്ന ബഷീർകഥ.രണ്ടര ഏക്കർ പറമ്പു വാങ്ങി സുഖമായി ജീവിക്കാൻ ഒരുങ്ങുന്ന നായകൻ. ആദർശ വാദിയായകഥാകാരനും പ്രായോഗീക വാദിയായ ഭാര്യയുടെയും വാദപ്രതിവാദത്തിലൂടെ മനുഷ്യ മനസ്സിൻ്റെ വ്യത്യസ്ത ചിന്താഗതികൾ തുറന്നുകിട്ടുന്നു.എല്ലാ ജീവ ജാലങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് ലളിതമായ രീതിയിൽ പറഞ്ഞുതരുന്നു.

ലോകം സൃഷ്ടിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ സർവ്വചരാചരങ്ങളോട് സ്നേഹവും നിറഞ്ഞു നിൽക്കുന്ന കൃതി.ഇന്നത്തെ സമൂഹത്തിന് ഒരു സന്ദേശം നൽകുന്നു. വികസനത്തിന്റെ  പരിസ്ഥിതിയെയും ആവസ വ്യവസ്ഥയെയും തകിടം മറിക്കുന്ന വർക്കുള്ള മുന്നറിയിപ്പ് ഈ കഥയിൽ കാണാം ഭൂമിയുടെ മേലുള്ള മനുഷ്യൻറെ അതിക്രമം വരും തലമുറയ്ക്ക് ഭീഷണി ആകുമെന്ന് യഥാർത്ഥത്തിലേക്ക് വിരൽ ചൂണ്ടുന്നു ജൈവവൈവിധ്യം നിലനിർത്തണമെന്ന് കഥ ഓർമ്മിപ്പിക്കുന്നു ഒരു കുടുംബത്തിൻറെ ഒരു കുടുംബത്തിൻറെ പശ്ചാത്തലത്തിൽ ലളിതമായ ലോകം നേരിടാൻ പോകുന്ന വലിയ വിപത്തിലേക്ക് കഥാകാരൻ ശ്രദ്ധ ക്ഷണിക്കുന്നു.

എല്ലാ ജീവജാലങ്ങളോടുമുള്ള സ്നേഹവും കരുതലും വാത്സല്യവും കഥയിൽ ഉടനീളം കാണാം താൻ വാങ്ങിയ പറമ്പിന്റെ ഉടമ താൻ മാത്രമാണെന്ന് ചിന്ത മാറ്റി മറിച്ച് പാമ്പും പഴുതാരയും ചിത്രശലഭങ്ങളും എലികളും ചിതലും കരിന്തേളും ക്ഷണിക്കപ്പെടാതെ ആഗതരാകുന്നു .അവരും ഭൂമിയുടെ അവകാശികൾ തന്നെയാണെന്ന് ബോധ്യമാവുന്ന കഥാസാരം . ഈ ജീവികൾ കഥാനായകന്റെ സ്വൈര്യം കെടുത്തുന്നു ഈ ജീവികളെ കൊല്ലുമെന്ന് ഭാര്യ പറയുന്നു ഈശ്വരസൃഷ്ടികളായ ഒന്നിനെയും കൊല്ലരുതെന്ന് കഥാനായകൻ പറയുന്നു.

ഈ ജീവികളെ കൊല്ലുമെന്ന് ഭാര്യ പറയുന്നു ഈശ്വര സൃഷ്ടികളായ ഒന്നിനെയും കൊല്ലരുതെന്ന് കഥാനായകൻ പറയുന്നു. ജീവികളെ കൊല്ലാൻ അദ്ദേഹം ഭാര്യക്ക് മൗന അനുവാദം നൽകുന്നു. ഭാര്യ കൊല്ലാൻ പോകുന്ന ജീവിയോട് മാപ്പ് ചോദിക്കുന്നു. കഥയെ മനോഹരമാക്കുന്നത് നർമ്മം ചേർന്ന സംഭാഷണവും ഭാഷയുടെ ലാളിത്യവുമാണ് വവ്വാലിനെ കൊല്ലാൻ കഴിയുന്നില്ല. ഭാഷയിലും ശൈലിയിലും എഴുത്തിന്റെ കാലം എത്ര കഴിഞ്ഞാലും ഇത്തരം കൃതികൾക്ക് വായനക്കാരുടെ മനസ്സ് കീഴ്പ്പെടുത്താൻ കഴിയും അതുകൊണ്ട് ഇന്നും ബേപ്പൂർ സുൽത്താൻ മലയാള സാഹിത്യ സദസ്സിൽ നക്ഷത്ര ശോഭയോടെ നിലനിൽക്കുന്നു .സകല ജീവജാലങ്ങൾക്കും ഒരേ അവകാശമാണ് ഭൂമിയിൽ എന്ന ആശയം സരസമായി അവതരിപ്പിക്കുന്നു.

# ജീവഛേദം



**അങ്ങേതോ ചക്രവാളത്തിൽ നിന്ന്**

**ലൗകിക ലോകത്തെ ലക്ഷ്യം വെച്ച് താഴേക്ക് വന്നോ**

**അദ്വൈതം മാതാവിൻ ആമാശയം**

**തൻ മർത്യന് ഗോമേതകം**

**പാടല വെട്ടത്തിൽ നിന്ന്**

**തവള ലോകത്തേക്കുള്ള ഈ യാത്രയിൽ**

**നീ വിടരും മുമ്പേ മാഞ്ഞുവോ**

**അതോ സ്വർഗം ഭ്രമിയെക്കാൾ ഉത്തമമോ**

ADNAN RAZ

10A

# *കടൽ* *കൊണ്ടുപോയവർ*    കഥ

" ന്റെ ചെരിപ്പിൽ ചവിട്ടാണ്ട് ബേം നടക്ക് കുഞ്ഞി " ഇനീപ്പം നല്ല തിരക്കായിരിക്കും.

പുലർച്ചേക്കൂറ്റിന് പോണംന്ന് വിചാരിച്ചിറ്റ്
നടന്നോ ഒടയക്കാര
അയിനെങ്ങന ഒരു ബയിക്കെറങ്ങണങ്കിൽ
എന്തെല്ലാം പൊരുവപ്പാട് " -
വാക്കുകൾ ചരൽമഴപോലെ വിതറി
അമ്മമ്മ വളരെ വേഗം നടന്നു പിന്നാലെ
ഞാനും എല്ലാ
വാവുകളും മുറയ്ക്ക് നോക്കുന്ന കല്യാണിയമ്മ ഇക്കൊല്ലത്തെ വാവിന്
ബലിയിടാൻ പോകുന്നതത്രപ്പാടിലാണ് പുലർച്ചേ യുള്ള മംഗലാപുരംപാസഞ്ചർ തീവണ്ടിക്ക് കയറാൻ
ചെറുവത്തൂർ  തീവണ്ടിയാപ്പീസിലേക്ക്
വീട്ടിൽ നിന്നും പതിനഞ്ചു മിനട്ട് നടക്കുന്നതിനിടയിൽ
പിന്നാലെ നടക്കുന്ന ഞാനെന്ന നാലു വയസു കാരി അറിയാതെ നീല വാറുള്ള റബ്ബർ ചെരുപ്പിന്റെ
പിൻ ഭാഗത്ത് ചവിട്ടിയപ്പോൾ പഴയ റബ്ബർചെരി പ്പിന്റെ വാറ് പൊ ട്ടിയതി ൻ്റെ ഈർ ഷ്യയും
നീരസവും വാക്കുകളിൽ പ്രതി ഫലി ച്ചു . ചെരിപ്പ് കൈയിലെടുത്ത് ഒരു കഷ്ണം തുണി  കീറി യെടുത്ത്
വാറ് കെട്ടി നടന്നു
 തീവണ്ടി യാപ്പീ സി ലെത്തി യതും
ശരവേഗത്തിൽ ടിക്കറ്റ് കൊടു ക്കുന്ന സ്ഥല ത്തെത്തി. "ഒരു ചീട്ട് വേണം കോട്ടി ക്കൊളത്തേക്ക്.
വെളുത്ത കുപ്പായമിട്ട കണ്ണട വെച്ച നീളം കുറ ഞ്ഞ തടിച്ചകഷണ്ടിക്കാരൻ ചീട്ടിൽ അച്ചുകുത്തി അത്ര
സ്പഷ്ടമല്ലാതെ വായിലെ മുറുക്കാൻ നീട്ടി തുപ്പുന്നതി യിൽ പറ ഞ്ഞു
, " 2 ഉറുപ്യ" -
' മുണ്ടിൻ്റെ കോന്തല കെട്ടി ൽ നിന്ന് സൂക് ഷമമായി പരി ശോധിച്ച്
രണ്ടുറുപ്യ നൽകി യശേഷം 'കൊച്ചു മകളുടെ കൈ പിടി ച്ച്  പ്ലാറ്റ് ഫോറ ത്തിലേക്കി റങ്ങിനടന്നു
നടക്കു ന്നതിനിടയിൽ വീണ കാലണ തപ്പി പെറു ക്കുന്നിടയിൽ എന്നോട്
കയർത്തു
" ഒരിക്ക നടക്കോ പ്പാ
വടക്കു ഭാഗത്തേക്ക് "

"തെക്കും വടക്കും തിരിയാതെ അന്ധാളിച്ച്
തല ചൊറി നിന്ന എന്നെ
അമ്മ മ്മ കണക്കിന് ചീത്ത പറഞ്ഞു
" എങ്ങന എന്തെ ങ്കിലും തിരിയാ " തെക്കും
വടക്കും തിരി യാത്ത
പട്ടി ണിക്കഞ്ഞി " -
നടക്ക് അങ്ങോട്ട്
കൈ ചൂണ്ടിയ ദിക്കു നോക്കി ഞാൻ നടന്നു
ഒപ്പം അമ്മമ്മ യും "

ഒരേ താളത്തിൽ കൈകൾ കൂട്ടി ക്കൊട്ടി

കൊണ്ടെന്ന പോലെ
ചീറ്റിയും ഇരമ്പിയും
തീവണ്ടി യുടെ നെറ്റികണ്ണിന്റെ വെളി ച്ചം
മൂന്നിലെ ത്തി...

ഏറെ കൗതു കത്തോ ടെ പണ്ട് ഗുരു വായൂരിൽ പോയപ്പോൾ ആദ്യമായി ട്രെയി നിൽ കയറി ഓർമ്മ ഓർത്തെ ടുക്കാൻ ശ്രമിച്ചപ്പോൾ
അമ്മമ്മ പിന്നേം ഒച്ചയിട്ടു...
"നടക്കറ കുഞ്ഞി വണ്ടിപ്പം പാഞ്ഞറും
ബേം കേറ്. "

അമ്മമ്മയുടെ പായാ രത്തി നിടയിൽ " എന്റെ വെപ്രാളം കൂടി വന്നു.
പാഞ്ഞ് വണ്ടി കയറി
ജനലിൻ്റെ ഓരത്ത് ഇരുന്നു. ചുറ്റും നോക്കി.
എന്തോ അത്ഭു തകര മായ സംഭവം പോലെ എന്നേ യും കൂട്ടി വണ്ടി കോട്ടി ക്കൊള ത്തേക്ക് പാ യുന്നു..

അരികത്ത് ഇരി ക്കുന്ന
ഉമ്മ പെണ്ണു ങ്ങക്ക് അമ്മ
മുറുക്കാൻ കൊട്ട യിൽ നിന്ന് വെറ്റി ലയും അടക്കയും കൊടു ക്കുന്ന തിനിട യിൽ
വിശേഷ ങ്ങൾ മുഴുവൻ ഉറക്കെ പറഞ്ഞു.

മഴയുടെ നേർത്ത വിരലുകൾ ജനാല കമ്പി
വഴി അക ത്തേക്ക് നീട്ടി
എൻ്റെ ഉച്ചിയിൽ വകഞ്ഞു കെട്ടി വെച്ച കൊച്ചു മുടിയിൽ തൊട്ടു 'കുറച്ചു നിമി ഷ ങ്ങൾക്കു ശേഷം വണ്ടി കോട്ടി ക്കുള ത്ത് എത്തി
അമ്മമ്മയുടെ വിരൽ തുമ്പിൽ പിടി ച്ച് അമ്മ മ്മയോടൊപ്പം നട ന്നെ ത്താൻ ഞാൻ നന്നേ പാടു പെട്ടു

വലിയ കടലി ൻ്റെ ഒച്ച
ഇരമ്പി പാഞ്ഞെ ൻ്റെ
ചെവിട്ടില ലച്ചു.
കടൽക്കരയിലെങ്ങും
പുരുഷാരം പിതൃക്കളെ തൃപ് തിപ്പെ ടുത്താൻ പാടു പ്പെട്ട് വരി വരി യായ് നിൽക്കുന്നു..
നനഞ്ഞ വസ്ത്ര ങ്ങൾക്ക് മീതേ തോർത്തു ഉടുത്ത്
മുട്ടുകുത്തി മന്ത്രം തെറ്റാതെ ഉച്ചരി ക്കുന്നു......

ഒരിക്ക ഇങ്ങോട്ട് വര്യാ
കുരിപ്പേ നീയെന്ത് ന്ന്
കളിക്ക ന്ന്
ആദ്യം കൊള ത്തിൽ കുളി ക്കണം. ഇതിലെ
പോവാ ചെരി പ്പയി ക്ക്
അമ്മമ്മ ഒച്ചയിട്ടു...എന്റെ കറുത്ത വള്ളി
ചെരിപ്പിൻ്റെ കെട്ടഴിച്ചു.
നിരനിരയായി വെച്ച
ചെരിപ്പി ൻ്റെ കൂ ട്ടത്തിൽ
വെക്കാനാ യി നടന്നു.
അമ്മ മ്മ എന്റെ ചെരി പ്പു പിടി ച്ചുവാങ്ങി അമ്മമ്മ യുടെ വാറുപൊട്ടി ചെരിപ്പും കൂടി ദൂരെ മാറ്റി യൊളി പ്പി ച്ചു വച്ചു.

" വാറ് മാറ്റിയി ടാ
പൊട്ടിയതൊന്നും

ആൾക്കാർ ക്ക് ലവ
ലേശം കൂസല്ലാ
അതും കൊ ണ്ടോവും
എന്ന് പിറു പിറു ത്തു മുമ്പേ നടന്നു..

കുളത്തി ലെ പച്ച നിറമു ള്ള വെള്ളം കണ്ട പ്പോൾ
ആദ്യമായി ' നാട്ടിലെകണ്ട ത്തിലെ കൊള ത്തിലും മോലോ ത്തെ കൊ ളത്തി ലും എൻ്റെ ചിന്തകളെത്തി
ഒരിക്കൽ അമ്മമ്മ യോടൊ പ്പം പരൽ മീന കളെ കുഞ്ഞു തോർ ത്തിൽ പിടി ച്ചോ ണ്ടു പോയി ചുട്ടു തിന്ന
രുചി
നാവി ലൂറി ...
നന്നേ വഴുതുന്ന കുളത്തിൻ്റെ പടിയി ൽ
ചവിട്ടേ ണ്ട താമസം
ഞാൻ മൂക്കും കുത്തി വീണു മൂക്കി ലും വായിലും വെള്ളം കയറി ച്ചുമച്ചു. ' ഒരു വിധം കരക്കു കയറി. പത്തിരു പത് ആൾക്കാരുള്ള കുള ത്തിൽ നിന്ന് മൂക്കും കുത്തി വീണ എ ന്നെ അമ്മമ്മ കണക്കി ന് ശകാരി ച്ചു. തലയും തോർ ത്തി 'എൻ്റെ തോർ ത്തു മുണ്ട് എന്നെ ഭദ്ര മായി ഉടു പ്പിച്ചു. കുഞ്ഞു കുപ്പായ മിട്ട എൻ്റെ കുപ്പായം പിഴി ഞ്ഞ് അമ്മമ്മ കുള ക്കര യിൽ ഉണ ക്കാനി ട്ടു. എൻ്റെ കൈ യും പിടി ച്ച് ഭഗവാ നെ വലം വെച്ച് തൊഴാൻ നി ന്നപ്പോ ഴാണ് നാട്ടിലെ മാരാൻ വീട്ടി ലെ ചീയേയിയമ്മയുടെ മോനെ അമ്മമ്മ കണ്ടത്. നാട്ടു വിശേഷ ങ്ങൾ പറ ഞ്ഞും വഴി പാട് ചീട്ട് മുറിച്ചും അമ്മമ്മ എൻ്റെ അരി കിലെ ത്തി

അമ്മമ്മേ എനിക്കി
തോർത്ത് മുണ്ട് വേണ്ട
കുളുപ്പ് ണ്ട്. നല്ലോ ണം.
പേടി ച്ചരണ്ട് ഞാൻ
പറഞ്ഞൊ പ്പിച്ചു......

ഒറഞ്ഞാടുന്ന പുള്ളു റാളി പുള്ളി കരിങ്കാളി
എന്ന പോലെ എൻ്റെ നടു പ്പൊറം പൊളി ക്കും എന്നാ ണ് കരുതി യത്.
പക്ഷേ ഏറെ വാത് സല്യ ത്തോടെ അമ്മമ്മ കസവു മുണ്ട് ഉടുപ്പി ച്ചു.
എൻ്റെ നെറു കയിൽ തലോടി. ഭഗവാ നെ കണ്ട് ചന്ദന വും ഭസ്മവും നെറ്റി ത്തട ത്തിൽ നീട്ടി വരച്ച് ഞാനും അമ്മ മ്മയും കട പ്പുറ ത്തേക്ക് നട ന്നു

നീണ്ടു മെലിഞ്ഞ വെളുത്ത ഒരു തിരു മേനി യുടെ മുന്നിൽ
ദക്ഷിണ വെക്കാൻ വീട്ടി ൽ നി ന്നും ഭദ്ര മായി കൊണ്ടു വന്ന അടക്കും തളിർ വെറ്റി ലയും വെച്ചു ഈറ നോടെ
അമ്മമ്മ നമ്പൂതി രി പറയുന്ന മന്ത്രങ്ങൾ ഏറ്റു ചൊല്ലി ഭക്തി പൂർവ്വം പിതൃക്കൾക്ക് അന്നം കൊടു ത്തു...
ഒരു കുഞ്ഞ് കൊടിയിലയിൽ
കാക്കയ്ക്കും പിന്നെ
കടലി ലൊഴു ക്കാന മായി നടക്കു ന്നതിനിടയിൽ ഞാൻ പറ ഞ്ഞു
"അമ്മമ്മേ
ഞാൻ കൊടു ക്കാ കാക്ക ക്ക് "

അമ്മമ്മ ഭദ്രമായ് ഇല യെന്നെ എല് പ്പിച്ചു.
ഞാൻ മുകളി ലേക്ക് നോക്കി ....
കുറേ കാ ക്കകൾ
പറക്കുന്നു ചിലത് താണ് വന്ന് ചോറ് കൊ ത്തി തിന്നു ന്നു ...

നീയത് ആട വെക്ക റ
കാക്ക നിൻ്റെ കൈ മ്മന്ന്
തിന്നൂല ........

ഞാൻ രണ്ടു കൈ കൾ കൊ ണ്ടും അത് അവിടെ വെച്ചു
കാക്ക പറന്നു വന്ന് അത്
കൊത്തി തിന്നുന്നത് കണ്ട പ്പോ എനി ക്കും വിശന്നു.

അമ്മമ്മേ എനക്ക്
വൈക്ക് ന്ന്. ഞാൻ
സങ്കട ത്തോടെ പറ ഞ്ഞു...

അമ്മമ്മ ഏറെ വാത്സല്യ പൂർ വ്വം എന്നെ ചേർ ത്തു നിർത്തി പറ ഞ്ഞു.
" എൻ്റെ മോള് ഞാൻ പറ യുന്നത് ശ്ര ദ്ധിച്ചു കേൾ ക്കണം അമ്മമ്മ ഈ സഞ്ചി യും തുണി യും എല്ലാം
മോളെ ഏൽ പ്പിച്ച് കടലി ൽ
പിതൃതർപ്പണം ഒഴുക്കി കുളി ച്ചിട്ട് വരാം... " ചെല പ്പോ
അമ്മമ്മ തിരിച്ചു വന്നി റ്റെ ങ്കിൽ അമ്മ മ്മയെ കടൽ കൊണ്ടോ യാ എൻ്റെ മോള്.
പറയ ണം " ഞാൻ കാഞ്ഞര ങ്ങാട്ട ന്ന് വന്നതാ ന്ന്
എൻ്റെ അമ്മമ്മ യെ കടൽ കൊ ണ്ടോയി ന്ന്..." ഞാൻ തല കുലുക്കി

ഏറെ അന്ധാ ളിപ്പോ ടെ
ഭയ ത്തോടെ ഞാൻ കടലി ലേക്ക് നട ന്നു നീ ങ്ങുന്ന അമ്മ മ്മയെ നോക്കി നിന്നു
കടൽ ആർ ത്തലച്ച് അമ്മമ്മയെ വിഴു ങ്ങുന്നത്
ഞാൻ പേടി യോടെ ഓർത്തു ഞാൻ കണ്ണ ടച്ചു.

കൊറച്ച് കഴി ഞ്ഞ പ്പോ
അമ്മമ്മ മടങ്ങി വന്നു.
എൻ്റെ കൈ പിടി ച്ചു
ബാല സഹജമായ
കൗതുക ത്തോടെ ഞാൻ ചോദി ച്ചു.
അപ്പോ അമ്മമ്മ യെ
കടൽ കൊ ണ്ടോയി ല്ലേ?

അമ്മമ്മ നിട്ടാട്ടം നിർക്കെ നെ തുള്ളി
എന്നെ കലമ്പി
എനിക്കൊ ന്നും അന്ന്തിരി ഞ്ഞില്ല........
പിന്നേയും ഒരു പാട്
തവണ ഞാൻ അമ്മമ്മയുടെ കൂടെ
പിതൃക്കൾ ക്ക് ബലി യിടാൻ പോയി അന്നും അമ്മമ്മ കടലിൽ കുളി ക്കാൻ നേരം ഇതേ വാക്കു കൾ
എന്നോട് പറ ഞ്ഞു.... എൻ്റെ ബാല്യ വും കഴിഞ്ഞപ്പോൾ എനിക്ക തിലുള്ള ഭയം നഷ്ട മായി. പിന്നെ
അതേ കട ൽ ക്കരയി ൽ ആ അമ്മ മ്മയ്ക്ക് തർപ്പണം നടത്താ ൻ പോയ നിമി ഷം അമ്മമ്മയുടെ ചിതാ ഭസ്മം
കടലിൽ ഒഴുക്കി
എൻ്റെ കുഞ്ഞ നിയ ൻ്റെ കൈ പിടി ച്ചു കരയി ലേക്ക് നടക്ക വേ
ഞാൻ സ്വയം പറ ഞ്ഞു..
എൻ്റെ അമ്മമ്മ യെ
കടല് കൊ ണ്ടോയി.



രജനി ടീച്ചർ
HST മലയാളം

# പ്രകാശത്തിന് ജീവിതത്തോട് പറയാനുള്ളത്- കവിത

പ്രകാശം നിലാവിന്‍റെ പുഞ്ചിരികൾ

പ്രകാശം ജീവിതത്തിന്‍റെ പ്രതീക്ഷകൾ

കണ്ണൊലിപ്പിച്ച വെള്ളാരം കല്ലുകൾ

പ്രകാശം അഗ്നിദേവന്റെ ശരങ്ങൾ

പ്രകാശം അന്ധകാരത്തിന്

അന്ധകാരത്തിന്റെ സ്വപ്നങ്ങൾ

പ്രകാശം ഹൃദയത്തെ പൊള്ളിച്ച കനലുകൾ

പ്രകാശം നിയോൺ ബൾബിന്റെ മഞ്ഞ പല്ലുകൾ

പ്രകാശം കണ്ണാടി ചില്ലിലെ പ്രതിബിംബങ്ങൾ

പ്രകാശം ഒടുക്കം നിറമില്ലാത്ത കണ്ണീർത്തുള്ളികൾ

Adil zaina ummu
8A




LITTLE KITES 2023-26 BATHCH

# I understood about. the future of our life

If there is no dreams in our life,
our life is meaningless
with God I am a hero    without God I am zero
Life is a puzzle. Please solve it.
Something is better than nothing
Dreams, will come true
If a human being have no dreams
Their life is spoiled
good hard work and Good results
Try and fail, but don’t fall to try
make life happy
Ambition is our goal
Please break the gold
And become a winner
Life is simple
It’s not just easy

Ayshath Mishima Km
8A